# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3382** — **11.05.2017**- ൽ മറുപടിയ്ക്ക്

## <u>സഹകരണ മേഖലയിൽ നവകേരളീയം കുടിശ്ശിക- 2017 പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**" തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**" ഹൈബി ഈഡൻ**<br>**" വി.ടി.ബൽറാം** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ നവകേരളീയം കുടിശ്ശിക 2017 എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. സഹകരണ സംഘങ്ങളുടെ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പരിപാടി "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2017" നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ വായ്പാ സംഘങ്ങൾക്കും, സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമാണ്. കരുതൽ വെയ്ക്കേണ്ടി വരുന്നതിനാൽ സംഘങ്ങളുടെ/ ബാങ്കുകളുടെ നഷ്ടത്തിന് ഇടയാക്കുന്നതായ കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ പരമാവധി കുറയ്ക്കുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും ഇൻസെന്റീവുകളുമാണ് സഹകാരികൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ; | (സി) പദ്ധതി പ്രകാരം കുടിശ്ശികയായ വായ്പകൾക്ക് പലിശ കണക്കാക്കുന്നത് സാധാരണ പലിശയായാണ്. എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും, പിഴപലിശ പൂർണ്ണമായും ഒഴിവാക്കുന്നതാണ്. |

..........2

വായ്പ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുന്നതിനായി വായ്പാ തുക ഈ പദ്ധതി കാലാവധിയ്ക്കുള്ളിൽ ക്രമമായി അടച്ചു തീർക്കുന്നവർക്ക് ആകെ ടി വായ്പയിലേക്ക് 2016-17 സാമ്പത്തിക വർഷം അടച്ച പലിശ തുകയുടെ 10 ശതമാനം തുക വരെ അവസാനത്തെ തവണ അടയ്ക്കുമ്പോൾ ഇളവ് നൽകുന്നതാണ്.

(ഡി) പദ്ധതി ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ഉണ്ട്. ടി പദ്ധതിപ്രകാരം സഹകരണ സംഘങ്ങളുടെ/ ബാങ്കുകളുടെ വായ്പ കുടിശ്ശിക കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ട്. കൂടാതെ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും, സഹകാരികളെ അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും സഹായകരമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**